**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4505** **01-07-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതിയുടെ പ്രസരണ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രസരണനഷ്ടം എത്ര യൂണിറ്റാണ്; ഇത് തടയുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത്, വൈദ്യുതിയുടെ പ്രസരണ നഷ്ടം 2022-23 സാമ്പത്തിക വർഷത്തിൽ 2.58 ശതമാനവും അതിന് ആനുപാതികമായ നഷ്ടം 722 ദശലക്ഷം യൂണിറ്റുമാണ്.<br><br>സംസ്ഥാനത്തിന്റെ ആഭ്യന്തര വൈദ്യുതി ഉത്പാദനം, വൈദ്യുതി ഉപഭോഗം, പുതിയ ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും പൂർത്തീകരണം എന്നിവയ്ക്ക് അനുസരിച്ച് പ്രസരണ നഷ്ടം വ്യത്യാസപ്പെടുന്നതാണ്. 2012-13 കാലയളവിൽ 5.03 ശതമാനമായിരുന്ന പ്രസരണ നഷ്ടം 2022-23 കാലയളവിൽ 3.6 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ 2023 ഒക്ടോബർ-ഡിസംബർ മാസങ്ങളിലെ ഉപഭോഗം അനുസരിച്ച് പ്രസരണ നഷ്ടം കണക്കാക്കിയിട്ടുള്ളത് 3.489 ശതമാനം ആണ്.<br><br>പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി പുതിയ സബ്സ്റ്റേഷനുകളുടെയും പ്രസരണ ലൈനുകളുടെയും നിർമ്മാണം, നിലവിലെ വൈദ്യുതി ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും ശേഷി ഉയർത്തൽ, മുതലായ വിവിധ പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കി വരുന്നു. ഇതിനായി വിവിധ പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി CAPEX 2022-27 എന്ന സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ പുറമെ നിന്നും ലഭ്യമാകുന്നതും ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നതുമായ വൈദ്യുതി, പ്രസരണ നഷ്ടം കുറച്ച് സംസ്ഥാനത്തുടനീളം എത്തിക്കുന്നതിന് പ്രസരണ രംഗത്ത് വിഭാവനം ചെയ്ത വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ്. ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, ഗ്രീൻ കോറിഡോർ പാക്കേജ് |

| | | | |
|---|---|---|---|
| | | | എന്നിങ്ങനെ മൂന്ന വിഭാഗങ്ങളിലായി 400 kV യുടെ മൂന്ന സബ്സ്റ്റേഷനുകളും, 220 kV യുടെ 22 സബ്സ്റ്റേഷനുകളും, 3670 km ഹൈ വോൾട്ടേജ് ലൈനുകളും നിർമ്മിക്കാൻ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ഇതിൽ നിലവിൽ 12 സബ്സ്റ്റേഷനുകളും 1860 സർക്യൂട്ട് കിലോമീറ്റർ എക്സ്ട്രാ ഹൈ വോൾട്ടേജ് ലൈനുകളും നിർമ്മിച്ചിട്ടുണ്ട്.<br><br>പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് 66 കെ.വി സിസ്റ്റം ഒഴിവാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള 66കെ.വി സബ്സ്റ്റേഷനുകളും ലൈനുകളും വൈദ്യുതിയുടെ ആവശ്യകതക്കനുസരിച്ച് 110കെ.വി ആയി ശേഷി വർദ്ധിപ്പിക്കുന്നുണ്ട്.<br><br>പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് കുറഞ്ഞ പ്രതിരോധവും ഉയർന്ന ചാലകതയും ഉള്ള കണ്ടക്ടറുകൾ ഉപയോഗിക്കുന്നു. (ഉദാഹരണം : അലൂമിനിയം കണ്ടക്ടർ സ്റ്റീൽ റീഇൻഫോഴ്സ്ഡ് (ACSR), ഉയർന്ന താപനിലയുള്ള ലോ-സാഗ് (HTLS) കണ്ടക്ടറുകൾ). ഈ കണ്ടക്ടറുകൾക്ക് കൂടുതൽ വൈദ്യുതി വഹിക്കാനും ഉയർന്ന താപനിലയെ നേരിടാനും കഴിയും, ഇത് ചൂട് കൂടുന്നതും സാഗ് കൊണ്ടുള്ളതുമായ നഷ്ടം കുറയ്ക്കുന്നു.<br><br>പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉപകരണങ്ങളുടെ പരിപാലനവും പരിശോധനയും കൃത്യ സമയത്ത് നടത്തി കേടായ ഘടകങ്ങൾ മാറ്റിസ്ഥാപിക്കുകയോ നന്നാക്കുകയോ ചെയ്യുന്നുണ്ട്. കൃത്യമായി ലൈനുകളുടെയും സബ്സ്റ്റേഷൻ ഉപകരണങ്ങളുടെയും അറ്റകുറ്റ പണികൾ നടത്തുന്നത് കൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും കഴിയും |
| (ബി) | ഭൂഗർഭ കേബിളുകളിലൂടെ വൈദ്യുത വിതരണം നടത്തിയാൽ പ്രസരണ നഷ്ടവും അറ്റകുറ്റപണികൾക്കായി ചെലവഴിക്കുന്ന തുകയും ലാഭിക്കാൻ സാധിക്കുമോ; വിശദമാക്കാമോ; | (ബി) | ഓവർഹെഡ് ലൈനുകളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂഗർഭ കേബിളുകളിലൂടെയുള്ള വൈദ്യുതി വിതരണം അറ്റകുറ്റപ്പണികൾ കുറയ്ക്കാനും ഊർജ്ജ നഷ്ടം കുറയ്ക്കാനും സഹായിക്കുന്നു. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച cost data പ്രകാരം ഒരു മീറ്റർ HT ലൈൻ, റാബ്ബിറ്റ് കണ്ടക്ടറും PSC പോളും ഉപയോഗിച്ച് വലിക്കുന്നതിനുള്ള ചെലവ് 966 രൂപയായും റാബ്ബിറ്റ് കണ്ടക്ടറും A പോളും ഉപയോഗിച്ച് വലിക്കുന്നതിനുള്ള ചെലവ് 1500 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു മീറ്റർ 11 കെ.വി ലൈൻ വലിക്കുന്നതിനുള്ള ശരാശരി ചെലവ് 1233 രൂപയാകുമ്പോൾ, ഒരു |

| | | | |
|---|---|---|---|
| | | | മീറ്റർ 11 കെ.വി UG കേബിൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് 2657 രൂപയാണ്. ഇതു കൂടാതെ റോഡ് റെസ്റ്റോറേഷൻ ചാർജ്ജും മറ്റു യൂട്ടിലിറ്റി ചാർജുകളും അധികം വരുന്നതാണ്. ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുത താരിഫിൽ പ്രതിഫലിക്കുന്നതിനാൽ പൂർണമായും UG കേബിളുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ല. അതിനാൽ ഘട്ടം ഘട്ടമായി എച്ച്.ടി/എൽ.ടി വിതരണ ലൈനുകൾ, അണ്ടർ ഗ്രൗണ്ട് കേബിളുകൾ/കവചിത ചാലകങ്ങൾ ആക്കുവാനാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് തീരുമാനിച്ചിരിക്കുന്നത്.<br><br>പ്രസരണ നഷ്ടം, ഉപയോഗിക്കുന്ന വൈദ്യുത ചാലകത്തിന്റെ സാങ്കേതിക സ്വഭാവങ്ങൾക്കനുസരിച്ച് മാറുന്നതാണ്. ഭൂഗർഭ കേബിൾ ഉപയോഗിച്ചത് കൊണ്ട് മാത്രം പ്രസരണ നഷ്ടം കുറയുന്നില്ല. എന്നാൽ ഭൂഗർഭ കേബിൾ ഉപയോഗിച്ചാൽ അറ്റകുറ്റപ്പണികൾക്കായുള്ള ചെലവ് ലാഭിക്കാൻ കഴിയും. |
| (സി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; വേനൽക്കാലത്ത് എ.സി.യുടെ ഉപയോഗം കൂടുമെന്ന് മുൻകൂട്ടി കണ്ട് വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണ തരംഗം മൂലം ഫീഡറുകളിലും ട്രാൻസ്ഫോർമറുകളിലും ക്രമാതീതമായ ലോഡ് വർദ്ധനവും വോൾട്ടേജ് ക്ഷാമവും ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിരുന്നു.<br><br>സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പ്രസിദ്ധപ്പെടുത്തുന്ന ഇലക്ട്രിക് പവർ സർവേയിൽ പ്രതിപാദിച്ചിരിക്കുന്ന ലോഡ് വർദ്ധനവിനനുസരിച്ചാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ഓരോ വർഷത്തെയും പ്രവൃത്തികൾ പ്രധാനമായും ആസൂത്രണം ചെയ്തു വരുന്നത്. കേരളത്തിലെ പീക്ക് ഇലക്ട്രിസിറ്റി ഡിമാൻഡിൽ 5% വർദ്ധനവാണ് 20-ാമത്തെ ഇലക്ട്രിക് പവർ സർവേയിൽ പ്രവചിച്ചിരുന്നത്. ഇതിനനുസരിച്ചാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ്, 2022-23, 2023-24-ലെയും പുതിയ ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾ എന്നിവ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിരുന്നത്. എന്നാൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണ തരംഗം എയർ കണ്ടീഷണറുകളുടെ ഉപയോഗം വർദ്ധിപ്പിക്കുകയും തന്മൂലം ക്രമാതീതമായ ലോഡ് വർദ്ധനവ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ശൃംഖലയിൽ (ഫീഡറുകളിലും ട്രാൻസ്ഫോർമറുകളിലും) |

ഉണ്ടാവുകയും ചെയ്തു. വൈദ്യുതി വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും ഡിമാൻഡ് കൂടാൻ കാരണമായി. 2023 മാർച്ച് മാസത്തെ അപേക്ഷിച്ച് 2024 മാർച്ച് മാസത്തിൽ രാജ്യത്തൊട്ടാകെയുള്ള വൈദ്യുതി ഉപഭോഗം കേവലം 1.4% മാത്രം വർദ്ധിച്ചപ്പോൾ കേരളത്തിലെ വൈദ്യുതി ഉപഭോഗം 12.79% ആണ് വർദ്ധിച്ചത്. 2023 ഏപ്രിൽ മാസത്തിൽ രാജ്യത്തെ വർദ്ധന 10.89% ആയിരിക്കെ സംസ്ഥാനത്തു അത് 15.62% ആയി വർദ്ധിക്കുകയുണ്ടായി. ഈ കാലയളവിൽ ഇന്ത്യയൊട്ടാകെ പീക്ക് ലോഡ് 3.8% വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ സംസ്ഥാനത്തെ പീക്ക് ടൈം ഉപഭോഗത്തിൽ 12.38% മാണ് വർദ്ധനവ് ഉണ്ടായത്. നൽകിയ പർച്ചേസ് ഓർഡറുകൾക്കനുസൃതമായി ട്രാൻസ്ഫോർമറുകൾ M/s.KEL ലഭ്യമാക്കാതിരുന്നതും ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടി അപ്രതീക്ഷിതമായി ഉണ്ടായ മേൽ ലോഡ് വർദ്ധനവ് കൈകാര്യം ചെയ്യുന്നതിനു കെ.എസ്.ഇ.ബി. ലിമിറ്റഡിനു ബുദ്ധിമുട്ടുണ്ടാക്കി. പ്രസ്തുത സാഹചര്യങ്ങളെ നേരിടുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവൃത്തികളാണ് നടപ്പിലാക്കിയത്. ഉഷ്ണ തരംഗത്തെ തുടർന്നു അപ്രതീക്ഷിതമായി ഫീഡറുകളിലും ട്രാൻസ്ഫോർമറുകളിലും ഉണ്ടായ ലോഡ് വർദ്ധനവിനെ തുടർന്നുള്ള പ്രതിസന്ധിയെ ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടിയും ലോഡ് റീ അറേഞ്ച് ചെയ്തും വിവിധങ്ങളായ ഡിമാൻഡ് സൈഡ് മാനേജ്മെന്റ് പ്രവൃത്തികൾ നടപ്പിലാക്കിയും ഒരു പരിധി വരെ നിയന്ത്രണത്തിലാക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡിനു സാധിച്ചിരുന്നു.

ഊർജ്ജ സംരക്ഷണ ക്ലാസ്സുകളും കേബിൾ ടി വി/FM എന്നിവയിൽ കൂടിയുള്ള പ്രചാരണങ്ങളും വീടുകളും ഫാക്ടറികളും മറ്റു സ്ഥാപനങ്ങളും കേന്ദ്രീകരിച്ചുള്ള ഊർജ്ജ സംരക്ഷണ ക്യാമ്പയ്നുകളും WhatsApp ഗ്രൂപ്പുകൾ വഴിയുള്ള പ്രചരണങ്ങളും സെക്ഷൻ ഓഫീസ് വഴി ഊർജ്ജ സംരക്ഷണ നോട്ടീസുകളുടെ വിതരണവും ഡിമാൻഡ് സൈഡ് മാനേജ്മെന്റിന്റെ ഭാഗമായി നടത്തി വന്നിരുന്നു. പീക്ക് സമയത്തെ ഉപഭോഗം നിയന്ത്രിക്കാൻ HT/EHT ഉപഭോക്താക്കളോടും പൊതുമേഖലാ സ്ഥാപനങ്ങളോടും വാട്ടർ അതോറിറ്റിയോടും വാണിജ്യ സ്ഥാപനങ്ങളിലെ പരസ്യ ബോർഡുകളിലെ ലൈറ്റുകളും മറ്റു അലങ്കാര

| | | | |
|---|---|---|---|
| | | | ദീപങ്ങളും ഒഴിവാക്കാൻ വാണിജ്യ ഉപഭോക്താക്കളോടും കെ.എസ്.ഇ.ബി. ലിമിറ്റഡ് അഭ്യർത്ഥിക്കുകയും ഉപഭോക്താക്കൾ കെ.എസ്.ഇ.ബി. ലിമിറ്റഡുമായി സഹകരിക്കുകയും ചെയ്തിരുന്നു. ഈ വർഷം ഉണ്ടായ ലോഡ് വർദ്ധനവിനനുസരിച്ച് ഓവർലോഡ് ആയ ഫീഡറുകളുടെയും ട്രാൻസ്ഫോർമറുകളുടെയും ശേഷി കൂട്ടുന്ന പ്രവൃത്തികൾ ദ്യുതി 2 ൽ പുതുതായി ഉൾപ്പെടുത്താൻ വേണ്ട നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്.<br><br>വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വൈദ്യുത പ്രസരണ ശൃംഖലയും സബ്സ്റ്റേഷനുകളുടെ എണ്ണവും വൈദ്യുത ഉപഭോഗത്തിന് അനുസരിച്ച് വർദ്ധിപ്പിക്കുക, വൈദ്യുതി ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് പുതിയ സബ് സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണ ശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവയാണ്.<br><br>വരുംവർഷങ്ങളിലെ ഉപഭോഗം മുൻകൂട്ടി കണ്ട് വാർഷിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട് . ഇത് നടപ്പിലാക്കുന്നത് വഴി വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയും. |
| (ഡി) | സംസ്ഥാനത്ത് ഒരു ട്രാൻസ്ഫോമർ പരിധിയിലെ വൈദ്യുതി കണക്ഷനുകൾ ട്രാൻസ്ഫോമർ കപ്പാസിറ്റി അനുസരിച്ചാണോ നൽകി വരുന്നത്;<br>കണക്ഷനുകളും കണക്ടഡ് ലോഡും വർദ്ധിക്കുന്നതിനനുസരിച്ച് ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കൂട്ടുന്നതിനും പഴയ വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (ഡി) | ട്രാൻസ്ഫോർമർ കപ്പാസിറ്റി അനുസരിച്ചാണ് ഒരു ട്രാൻസ്ഫോർമർ പരിധിയിലെ കണക്ഷനുകൾ നൽകി വരുന്നത്.<br><br>വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി ദ്യുതി 1, 2 പദ്ധതികളിൽ ഉൾപ്പെടുത്തി ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടുന്ന പ്രവൃത്തികളും പുതിയ ലൈനുകൾ നിർമ്മിക്കുന്ന പ്രവൃത്തികളും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും ലൈനുകളുടെ ശേഷി കൂട്ടുന്ന പ്രവൃത്തികളും ചെയ്തു വരുന്നു.<br><br>വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി 2018 മുതൽ 2022 ജൂൺ വരെ നടപ്പിലാക്കിയ പദ്ധതിയാണ് ദ്യുതി 1. ദ്യുതി 1 പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാനമായും 4139 കി.മി 11 കെ.വി OH ലൈനും 842 കി.മി 11 കെ.വി എബിസി ലൈനും 582 കി.മി HT ഭൂഗർഭ |

| | | | |
|---|---|---|---|
| | | | കേബിളുകളും 41.3 കി.മി കവേർഡ് കണ്ടക്ടറുകൾ ഉപയോഗിച്ചുള്ള ലൈനും പുതുതായി നിർമ്മിക്കുകയും, അപ്ഗ്രഡേഷൻ ഉൾപ്പെടെ 6546 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 75250 km എൽ.ടി ലൈനും 2684 km 11 കെ.വി OH ലൈനും റി കണ്ടക്ടറിങ് നടത്തുകയും 6200 കി.മി എൽ ടി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ 3765 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാനമായും 2242 കി.മി HT OH ലൈനും 2246 കി.മി HT ABC ലൈനും 77 കി.മി covered conductor ഉം 795 കിമി ഭൂഗർഭ കേബിളും 858 കി.മി LT OH ലൈനും 4076 കി.മി LT ABC ലൈനും നിർമ്മിക്കാനും 4373 ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കാനും 1769 ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കാനും ആണ് DPR തയ്യാറാക്കിയിരിക്കുന്നത്. അതോടൊപ്പം 3671 fault pass indicator സ്ഥാപിക്കാനും 5752 കി.മി പഴയ HT ലൈനുകളും 28645 കി.മി പഴയ LT ലൈനുകളും മാറ്റി പുതിയതു വലിക്കാനും 2637 കി.മി എൽ ടി സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റാനും ലക്ഷ്യമിട്ടിട്ടുണ്ട്. 2022-23 മുതൽ ജൂൺ 2024 വരെ 1034 കോടി രൂപയുടെ പ്രവൃത്തികൾ ദ്യുതി 2 പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 മുതൽ ജൂൺ 2024 വരെ പ്രധാനമായും 493 കി.മി 11 കെ.വി OH ലൈനും 334 കി.മി 11 കെ.വി എബിസി ലൈനും 52 കി.മി HT ഭൂഗർഭ കേബിളുകളും 5 കി.മി കവേർഡ് കണ്ടക്ടറുകൾ ഉപയോഗിച്ചുള്ള ലൈനും പുതുതായി നിർമിക്കുകയും, അപ്ഗ്രഡേഷൻ ഉൾപ്പെടെ 1753 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 4455 km എൽ.ടി ലൈനും 1202 km 11 കെ.വി OH ലൈനും റി കണ്ടക്ടറിങ് നടത്തുകയും 782 കി.മി എൽ ടി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | സമാർട്ട് മീറ്റർ സംവിധാനത്തിലേക്ക് മാറുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; പുനരുപയോഗ പുരപ്പുറ സോളാർ പദ്ധതിയിലെ ഉല്പാദകരെ സാരമായി ബാധിക്കുന്ന നെറ്റ് മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഇ) | സ്മാർട്ട് മീറ്റർ സംവിധാനത്തിലേയ്ക്ക് ഘട്ടം ഘട്ടമായി മാറുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പുരപ്പുറ സോളാർ പദ്ധതിയിലെ സോളാർ ഉൽപാദകർക്ക്, നിലവിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി നെറ്റ് മീറ്ററിംഗ് സംവിധാനത്തിന്റെ അടിസ്ഥാനത്തിലാണ് ബില്ല് ചെയ്തു വരുന്നത്. ടി സംവിധാനം ഉൽപാദകരെ |

| | | | |
|---|---|---|---|
| | | | ദോഷകരമായി ബാധിക്കുന്നതായി പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (എഫ്) | പുനരുപയോഗ എനർജി ഉല്പാദകർ നൽകുന്ന വൈദ്യുതിക്ക് സമയബന്ധിതമായി പണം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | പുനരുപയോഗ എനർജി ഉത്പാദകർ നൽകുന്ന വൈദ്യുതിയ്ക്ക് സമയബന്ധിതമായി പണം നൽകാൻ വേണ്ട നിർദ്ദേശം ഫീൽഡ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നെറ്റ് മീറ്ററിംഗ് റെഗുലേഷൻ 2020- ലെ ചട്ടം 21.5 പ്രകാരം പുനരുപയോഗ വൈദ്യുതി ഉൽപ്പാദകർ നൽകുന്ന അധിക വൈദ്യുതിക്ക്, റെഗുലേറ്ററി കമ്മീഷൻ അതാതു സാമ്പത്തിക വർഷത്തിൽ നിശ്ചയിക്കുന്ന നിരക്കിൽ സമയബന്ധിതമായി പണം നൽകി വരുന്നുണ്ട്.<br><br>പുനരുപയോഗ എനർജി ഉൽപാദകർ നൽകുന്ന വൈദ്യുതിക്ക് നിരക്കുകൾ നിശ്ചയിക്കുന്നത് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ആണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 23.02.2023 -ലെ ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ യൂണിറ്റ് ഒന്നിന് 2.69 രൂപയാണ് പുരപ്പുറ സോളാർ പദ്ധതി പ്രകാരം ഉൽപാദകർക്ക് നൽകിയത്. 2023-24 നിരക്ക് സംബന്ധിച്ച ഉത്തരവ് റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് സോളാർ ഉപഭോക്താക്കൾക്ക് ഉടൻ തന്നെ തുക നൽകുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ